# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1345  31.10.2019 ൽ മറുപടിക്ക്**

## ഹയർസെക്കന്ററി ഡയറക്ടറേറ്റിലെ താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ.ബഷീർ | | പ്രൊഫ. സി..രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി). | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ താൽക്കാലികമായി നിയമിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷം താൽക്കാലിക സേവനം ചെയ്തവരെയാണെന്നും അവർ ആരെല്ലാമാണെന്നുമുള്ള വിശദാംശം സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതു വിദ്യാഭ്യാസവകുപ്പ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ താത്ക്കാലികമായി നിയമിച്ച ജീവനക്കാരെ സ്ഥിര പ്പെടുത്തിയിട്ടില്ല. |
| ( ബി) | നിലവിൽ ഈ ഡയറക്ടറേറ്റിൽ താൽക്കാലിക ജോലി ചെയ്യുന്ന ആരെയെങ്കിലും സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഫയൽ സംബന്ധമായ വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ താൽക്കാലിക ജോലി ചെയ്യുന്ന ആരെയും സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |

(സി) ദീർഘകാലമായി സേവനം ചെയ്തുവരുന്ന താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ / നിയമങ്ങൾ പ്രകാരം എത്ര വർഷം സേവനം ചെയ്ത താൽക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തുന്നതിന് യോഗ്യരായി കണക്കാക്കാറുള്ളതെന്ന വിശദാംശം വെളിപ്പെടുത്തുമോ?

(സി) ദീർഘകാലമായി സേവനം ചെയ്തുവരുന്ന താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് പ്രത്യേക നിയമങ്ങൾ ഉള്ളതായി കാണുന്നില്ല

സെക്ഷൻ ഓഫീസർ